പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 515 11.12.2012 ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ജോയിന്റ് ആർ.ടി.ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ജോയിന്റ് ആർ.ടി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഓഫീസുകളാണ് അനുവദിച്ചിട്ടുള്ളത്; ആയത് എവിടെയൊക്കെ ആണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ 55 ജോയിന്റ് ആർ.ടി.ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 8 ഓഫീസുകൾ അനുവദിച്ചു. അവ കുട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻചോല, ചിറ്റൂർ, നിലമ്പൂർ, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ ആണ്. |
| (ബി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് ആർ.ടി.ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; | (ബി) യും (സി) യും (ഡി) യും | ഗതാഗത കമ്മീഷണറേറ്റിൽ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഗതാഗത കമ്മീഷണറിൽ നിന്നും ശുപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യം ന്യായീകരിക്കത്തക്കതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ചാത്തന്നൂർ കേന്ദ്രീകരിച്ച് പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ